(ബി) ഇല്ലെങ്കിൽ ഇത്രയും കാലതാമസം വരാനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) ശ്രീമതി ശോശാമ്മ മാത്യുവിന് ഫാമിലി ബെനിഫിറ്റ് സ്കീം നൽകുന്നത് സംബന്ധിച്ച ഫയലിൽ അന്വേഷണം നടത്തി കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ അനാവശ്യമായ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും പ്രസ്തുത കാലത്തെ നിയമാനുസൃത പലിശ ഈടാക്കി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്നവരുടെ ആനുകൂല്യങ്ങൾ എത്രയും വേഗത്തിൽ ലഭ്യമാക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി & സി) ശ്രീമതി ശോശാമ്മ മാത്യു ശൂന്യവേതനാവധിയിലായിരുന്ന കാലഘട്ടത്തിലേയും, 21-6-1993 മുതൽ 19-6-1997 വരെ ജോലി ചെയ്ത കല്ലൂർപ്പാറ ഗവൺമെന്റ് ആശുപത്രിയിലേയും 19-6-1997 മുതൽ 4-8-2000 വരെ ജോലി ചെയ്ത കവിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയും ഫാമിലി ബെനിഫിറ്റ് സ്കീം വരിസംഖ്യ അടച്ച കണക്കുകൾ ഇനിയും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുകയും ലഭ്യമാകുന്ന മുറയ്ക്ക് എഫ്. ബി. എസ്. സംബന്ധിച്ച തുക ശ്രീമതി ശോശാമ്മ മാത്യുവിന് നൽകുന്നതിനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

വൈദ്യുതി ഉപഭോക്താക്കളിൽനിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ്

149 [3546] കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കളിൽനിന്നും മൂന്ന് മാസത്തെ ഡിപ്പോസിറ്റ് തുക പിരിച്ചെടുക്കാനുള്ള നിർദ്ദേശം ബോർഡിന്റെയോ ഗവൺമെന്റിന്റേയോ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം സെക്യൂരിറ്റി ഡിപ്പോസിറ്റ് പിരിക്കുവാൻ നിർദ്ദേശിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുതി ഉപഭോക്താക്കളിൽനിന്നും മൂന്ന് മാസത്തെ വൈദ്യുതി ചാർജ്ജ് ഡിപ്പോസിറ്റ് തുകയായി പിരിച്ചെടുക്കുന്നുണ്ട്.

(ബി) കണ്ടിഷൻസ് ഓഫ് സപ്ലൈ ഓഫ് ഇല്ക്ട്രിക്കൽ എനർജി സെക്ഷൻ 14 നിർദ്ദേശിക്കുന്ന പ്രകാരമാണ് സേക്യൂരിറ്റി ഡിപ്പോസിറ്റ് തുക പിരിക്കുന്നത്.

കണ്ണൂർ ജില്ലയിൽ കെ. എസ്. ഇ. ബി. മസ്ദൂർ തസ്തികയിലേക്ക് നിയമനം

150 [3552] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കെ. എസ്. ഇ. ബി. മസ്ദൂർ തസ്തികയിലേക്ക് നിയമിക്കുന്നതിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഇത് എന്നാണ് പ്രസിദ്ധീകരിച്ചത്; എത്ര പേരുടെ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത്;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകി;

(സി) മസ്ദൂർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര;

(ഡി) ഈ ഒഴിവുകൾ ഇപ്പോഴത്തെ ലിസ്റ്റിൽ നിന്നും നികത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ലിസ്റ്റ് 1-6-2002-ൽ നിലവിൽ വന്നു. മെയിൻ ലിസ്റ്റിൽ 542 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 292 പേരും ഉണ്ട്.

(ബി) 319 പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്.

(സി & ഡി) നിലവിൽ ഒഴിവുകളില്ല.

ആലപ്പുഴ ജില്ലയിലെ കെ. എസ്. ഇ. ബി. യിൽ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

151 [3554] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ കെ. എസ്. ഇ. ബി.-യിൽ മസ്ദൂർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly